പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 958 — 02.12. 2015-ൽ മറുപടിക്ക്.

## സ്കൂൾ പാചകത്തൊഴിലാളികളുടെ വേതന വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.നാരായണൻ | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം 400 രൂപയായി വർദ്ധിപ്പിച്ചിട്ടും അത് നടപ്പാക്കാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ; | (എ) സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം 350/- രൂപയായി വർദ്ധിപ്പിച്ച് കൊണ്ട് 08.10.2015-ലെ 8294/ഇ 1/2015/ തൊഴിൽ പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്മേൽ പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിലേയ്ക്കായി 20.12.2015 വരെ സമയവും അനുവദിച്ചിട്ടുണ്ട്. അപ്രകാരം നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് ഇതു സംബന്ധിച്ചുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |
| (ബി) പാചകതൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന തരത്തിൽ ഉച്ചഭക്ഷണ പദ്ധതി ഏജൻസിയെ ഏൽപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത നീക്കത്തിൽ നിന്നും പിൻവാങ്ങുമോ? | (ബി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ